**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2521** **12/02/2020-ൽ മറുപടിയ്ക്ക്**

# സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്ക് ആകുമ്പോൾ സഹകരണം എന്ന പദം പ്രസ്തുത ബാങ്കിന്റെ പേരിൽ നിന്ന് ഒഴിവാകുമോ; | (എ) | ഇല്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ബ്രാൻഡ് നെയിമാണ് കേരള ബാങ്ക്. |
| (ബി) | കേരളത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1824 പ്രാഥമിക സഹകരണ ബാങ്കുകളും 60 അർബൻ സഹകരണ ബാങ്കുകളും 10000-ൽ പരം മറ്റ് സഹകരണ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള 12000-ൽ അധികം സഹകരണ സ്ഥാപനങ്ങളുടെ ഫിനാൻസിങ്ങ് ബാങ്കായ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതായ സ്ഥിതിക്ക് പ്രസ്തുത സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ അംഗത്വം ലഭിക്കുമോ; ഈ സഹകരണ സംഘങ്ങളുടെ ഫിനാൻസിങ്ങ് ബാങ്കായി കേരള ബാങ്കിന് പ്രവർത്തിക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | ജില്ലാ സഹകരണ ബാങ്കുകളിൽ A ക്ലാസ് അംഗങ്ങൾ ആയിരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും ലൈസൻസ്ഡ് അർബൻ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ 'A' ക്ലാസ് അംഗങ്ങൾ ആയിരിക്കും. മറ്റു സംഘങ്ങൾ 'C' ക്ലാസ് (Nominal/Associate) അംഗങ്ങൾ ആയിരിക്കും. എല്ലാ വിഭാഗം സംഘങ്ങൾക്കും ഫിനാൻസിംഗ് നടത്താൻ കേരള ബാങ്കിന് സാധിക്കും. |
| (സി) | കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ശക്തിയായ പ്രസ്തുത സംഘങ്ങളുടെ നിലനിൽപ്പ് എന്താകുമെന്നും സഹകരണ വകുപ്പ് എന്ത് മുൻകരുതൽ ആണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ലയനം നടന്നു എന്ന കാരണത്താൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് യാതൊരു വിധ പ്രവർത്തന തടസ്സവും ഉണ്ടാവുകയില്ല. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് രൂപീകൃതമാകുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ആഡിറ്റ്, എക്സിക്യൂഷൻ, ആർബിട്രേഷൻ എന്നിവ നിർവ്വഹിക്കുന്ന സഹകരണ വകുപ്പിലെ 16 ജോയിന്റ് രജിസ്ട്രാർ, 7 ഡെപ്യൂട്ടി രജിസ്ട്രാർ, 13 അസിസ്റ്റന്റ് രജിസ്ട്രാർ, 34 ആഡിറ്റർ/ ഇൻസ്പെക്ടർ മാർ എന്നിവരുൾപ്പെടെ എഴുപതോളം വകുപ്പ് ജീവനക്കാരെ കേരള ബാങ്കിൽ സ്ഥിരമായി നിലനിർത്തുമോ; കേരള ബാങ്കിൽ ഇതിന് ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ ആഡിറ്റ്, എക്സിക്യൂഷൻ, ആർബിട്രേഷൻ എന്നിവ നിർവ്വഹിക്കുന്നതിനായി സഹകരണ വകുപ്പിലെ **16** ജോയിന്റ് രജിസ്ട്രാർമാർ, **6** ഡെപ്യൂട്ടി രജിസ്ട്രാർമാർ, **15** അസിസ്റ്റന്റ് രജിസ്ട്രാർമാർ, **35** ഇൻസ്പെക്ടർ/ആഡിറ്റർമാർ ഉൾപ്പെടെ **72** ജീവനക്കാരുടെ സേവനം **KSR Part I** ചട്ടം **156**-ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുണ്ട്.<br>അതാത് ബാങ്കുകൾ ഭരണസമിതി തീരുമാനത്തിലൂടെ ഒരു വർഷക്കാലാവധിയിലേയ്ക്കാണ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കാൻ വകുപ്പിനോട് അപേക്ഷിക്കാറുള്ളത്. കാലാവധി പൂർത്തിയാവുന്ന മുറയ്ക്ക് ടി തസ്തികകളുടെ തുടർച്ചാനുവാദത്തിനായുള്ള അതാത് ബാങ്കുകളുടെ അപേക്ഷ പരിഗണിച്ച് വകുപ്പ് ടി തസ്തികകൾക്ക് തുടർച്ചാനുമതിയും നൽകി വരുന്നു.<br>നിലവിലുള്ള സർക്കാർ ജീവനക്കാരുടെ സേവനം ലയനത്തിലൂടെ രൂപീകൃതമായ കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)ൽ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്ന് വിഭിന്നമായി, അംഗങ്ങൾ വായ്പ എടുക്കുമ്പോൾ ലഭിക്കുന്ന 2% ഒറ്റത്തവണ ഓഹരിത്തുക പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനമായി മാറുന്ന നിലവിലെ രീതി ഒഴിവാക്കണം എന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം നടപ്പിലാക്കുമോ; | (ഇ) | അത്തരത്തിലുള്ള നിർദ്ദേശങ്ങൾ റിസർവ്വ് ബാങ്ക് നൽകിയതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (എഫ്) | പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തനങ്ങളായ ചിട്ടിനടത്തിപ്പ്, നീതി സ്റ്റോറുകൾ, വളം ഡിപ്പോകൾ, വിശേഷ ദിവസങ്ങളിലെ ചന്തകൾ, | (എഫ്) | ഉണ്ട്. |

| | | | |
|---|---|---|---|
| . | സർക്കാരിന്റെ ക്ഷേമ പെൻഷൻ നൽകൽ തുടങ്ങിയവ പ്രാഥമിക സഹകരണ ബാങ്കുകൾ നടത്തുന്നുണ്ടോ; | | |
| (ജി) | എങ്കിൽ ഇത്തരം വായ്പേ തര പ്രവർത്തനങ്ങൾ തുടർന്നും നടത്താനാവശ്യമായ അനുമതി റിസർവ് ബാങ്കിൽ നിന്നും കേരള ബാങ്കിന്റെ അനുബന്ധ ബാങ്കുകളായി പ്രവർത്തിക്കേണ്ട പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യ-ങ്ങളിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ജി) | നിലവിൽ പ്രാഥമിക സഹകരണ ബാങ്കുകൾ നടത്തിവരുന്ന മേൽ പ്രസ്താവിച്ച എല്ലാവിധ പ്രവർത്തനങ്ങളും തുടരുന്നതിന് യാതൊരു തടസ്സവും ഉണ്ടാവില്ല. ആയതിന് പ്രത്യേക അനുവാദം ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ.